ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം - കേരളാ പി.എസ്.സി നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികളെ **₹26500-60700/-** രൂപ ശമ്പള നിരക്കിൽ ട്രേഡ്സ്മാൻ (സ്മിത്തി) തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം ( ബി) വിഭാഗം**

**നം.DTETVM/5277/2026-EB3(EB) തിരുവനന്തപുരം, തീയതി: 18-08-2026**

---

വായന:-
1. **10.06.2020** ലെ സ. ഉ.(കൈ) നം.**207/2020**/ഉ. വി. വ നം. സർക്കാർ ഉത്തരവ്
2. **15.12.2021** ൽ സ. ഉ.(കൈ) നം.**592/2021**/ഉ. വി. വ നം. സർക്കാർ ഉത്തരവ്
3. **05.06.2026** ലെ കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ സെക്രട്ടറിയുടെ **RIC-1/7/2026-KPSC** നമ്പർ നിയമന ശുപാർശ കത്ത്.
4. **05.03.1974** ലെ സ. ഉ (അച്ചടി) നം.**49/74**/പിഡി നമ്പർ സർക്കാർ ഉത്തരവ്.
5. **05.11.2024** ലെ **GO(P)** നം. **77/2024/Home** നമ്പർ സർക്കാർ ഉത്തരവ്.
6. **29.03.1990** ലെ സർക്കാർ സർക്കുലർ മെമ്മോറാണ്ടം നം.**3737**/റൂള്സ്/**1/90**/ഉ ഭ പ വി സർക്കാർ സർക്കുലർ മെമ്മോറാണ്ടം.
7. **15.02.1991** ലെ സ. ഉ (അച്ചടി) നം.**7/91**/ഉ ഭ പ വി നമ്പർ സർക്കാർ ഉത്തരവ്.
8. **30.06.2011** ലെ സ. ഉ (അച്ചടി) നം.**20/2011**/ഉ ഭ പ വി നമ്പർ സർക്കാർ ഉത്തരവ്.
9. **07.01.2013** ലെ സ. ഉ (അച്ചടി) നം.**20/2013**/ധന നമ്പർ സർക്കാർ ഉത്തരവ്.
10. **03.04.2013** ലെ സ. ഉ (അച്ചടി) നം.**149/2013** നമ്പർ സർക്കാർ ഉത്തരവ്.
11. **15.11.2016** ലെ സ. ഉ (അച്ചടി) നം. **171/2016**/ധന നമ്പർ സർക്കാർ ഉത്തരവ്.
12. **12.10.2012** ലെ സ. ഉ (അച്ചടി) നം.**503/2012**/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
13. **17.08.2021** ലെ സ. ഉ (അച്ചടി) നം.**118/2021** നമ്പർ സർക്കാർ ഉത്തരവ്.
14. കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ **06.10.2025** ലെ **RIC-1/23/2025-KPSC** നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലെ ട്രേഡ്സ്മാൻ തസ്തികയിലെ നിയമനങ്ങൾ ജില്ലാടിസ്ഥാനത്തിൽ നിന്നും സംസ്ഥാന തലത്തിലാക്കി

സർക്കാർ ഉത്തരാവായിരിക്കുന്നു. അത് പ്രകാരം ഈ വകുപ്പിലെ ₹26500-60700/- രൂപ ശമ്പളനിരക്കിലുള്ള ട്രേഡ്സ്മാൻ (സ്മിത്തി) തസ്തികയിലേക്കുള്ള നിയമനത്തിനായി ചുവടെയുള്ള പട്ടികപ്രകാരം ഉൾപ്പെട്ട ഉദ്യോഗാർത്ഥികളെ പരാമർശം (3) ലെ കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിരിക്കുന്നു. ആകയാൽ ഈ വകുപ്പിലെ ₹26500-60700/- രൂപ ശമ്പള നിരക്കിലുള്ള ട്രേഡ്സ്മാൻ ((സ്മിത്തി) തസ്തികയിലേക്ക് പ്രസ്തുത ഉദ്യോഗാർത്ഥികളെ 1958-യിലെ കേരള സ്റ്റേറ്റ്&സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, റൂൾ 3(C), റൂൾ 9 (a) (1) എന്നിവയ്ക്ക് വിധേയമായി താത്ക്കാലികമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. നിയമനം ലഭിച്ച ഉദ്യോഗാർത്ഥിയുടെ സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമല്ല എന്ന് സർക്കാർ കാണുന്ന പക്ഷം, പരാമർശം (4) ലെ സർക്കാർ ഉത്തരവ് പ്രകാരം യാതൊരു അറിയിപ്പും കൂടാതെ ഈ നിയമനം റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും. സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമാണെന്ന് തുടർന്നുള്ള പരിശോധനയിൽ തെളിയുന്ന മുറയ്ക്ക് മാത്രമേ ഉദ്യോഗാർത്ഥി ക്രമവൽകൃത നിയമനത്തിന് അർഹത നേടുകയുള്ളൂ. ഉദ്യോഗാർത്ഥികളുടെ നിയമനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Name and address of candidates. | Name of the institution that the candidate has been appointed. | Post Name & Turn |
|---|---|---|---|
| 1 | **RETHISH BALAKRISHNAN**<br>KALATHUKUNNEL HOUSE<br>POOVARANY<br>KOTTAYAM<br>THODANAL-686573 | Rajiv Gandhi Institute of Technology, Kottayam | Tradesman (smithy forging and Heat Treating)<br>DA-LD/CP Turn |
| 2 | **AJITH KRISHNAN K**<br>KOCHUVEEDU<br>HOUSE<br>KAYAMKULAM<br>ALAPPUZHA,<br>ERUVA P O -690572<br>**( EWS )** | Sreerama Polytechnic College, Thrissur | Tradesman (smithy forging and Heat Treating)<br>OC Turn |
|  | **JEENA C**<br>THENPULIYIL HOUSE | Government | Tradesman (smithy |

| | | | |
|---|---|---|---|
| 3 | AYITHARA<br>MAMBARAM<br>KANNUR<br>AYITHARA MAMBARAM<br>**(E/B/T-THIYYA)** | Engineering<br>College, Kannur | forging and Heat Treating) OC Turn |
| 4 | **AJAY KRISHNAN M M**<br>MADATHIPARAMBIL HOUSE<br>KAKKAVAYAL<br>KAKKAVAYAL P O<br>WAYANAD-673122<br>**(OBC-EZHUTHACHAN)** | Government Polytechnic College, Kasaragod | Tradesman (smithy forging and Heat Treating) OC Turn |
| 5 | **BIJU NARAYANAN V M**<br>VADUVANNA HOUSE<br>KUTTANASSERY PALAKKAD<br>KUTTANASSERY P O- 679514<br>**(SC-MANNAN)** | Government Polytechnic College, Palakkad | Tradesman (smithy forging and Heat Treating) BC Turn |
| 6 | **SETHU V**<br>KANAKAKUNNU VEEDU<br>DALLY P O<br>KULATHUPUZHA, KOLLAM<br>DALLY P O-691310<br>**(EWS)** | Government Engineering College, Barton Hill | Tradesman (smithy forging and Heat Treating) OC Turn |
| 7 | **MUHAMMED ISHKHAN E K**<br>ELAYODATH KAMBURATH HOUSE<br>MULLAMPARA<br>MANJERI<br>MANJERI-676121<br>**(MAPPILA)** | Government Polytechnic College, Perunthalmanna,<br>Malappuram | Tradesman (smithy forging and Heat Treating) OC Turn |

| | | | |
|---|---|---|---|
| 8 | **AJIN T**<br>PUTHIYATH, CHELARI<br>MALAPPURAM-676317<br>VELIMUKKU POST<br>COMMUNICATION ADDRESS<br>THULATHIL PUTHIYATH HOUSE<br>CHELARI<br>VELIMIKKU POST<br>MALAPPURAM-676317<br>**(E/B/T-THIYYA)** | Kerala Government Polytechnic College, Kozhikode | Tradesman (smithy forging and Heat Treating) BC Turn |
| 9 | **DIJOHN JOSE**<br>VEMBULLY HOUSE<br>THAZHEKAD, THRISSUR<br>KALLETTUMKARA P O-680683<br>**(LC/AI-LATIN CATHOLICS)** | Maharajas Technological Institute, Thrissur | Tradesman (smithy forging and Heat Treating) BC Turn |
| 10 | **ANWIN MATHEW CHACKO**<br>MULAMOOTTIL, KP1/623-C, PARAKODE LANE, NALANCHIRA, TRIVANDRUM-695015<br>COMMUNICATION ADDRESS<br>11/307, MULAMOOTTIL<br>KIZHAKKUMBHAGOM P O<br>NIRANAM-689621<br>**(EWS)** | Government Polytechnic College, Kothamangalam | Tradesman (smithy forging and Heat Treating) EWS Turn |
| | **SANJITH S M** | | |

| | | | |
|---|---|---|---|
| 11 | MEENAKSHI BHAVAN<br>NELLIKUNNIL,KOLIYACODE,<br>THIRUVANANTHAPURAM<br>KOLIYACODE-695607<br>**(OBC-VANIKA VAISYA)** | Government Polytechnic College, Attingal | Tradesman (smithy forging and Heat Treating)<br>BC Turn |
| 12 | **KEFIN KARIM**<br>THOTTIYIL<br>PERUMBILLICHIRA, IDUKKI,<br>PERUMBILLICHIRA<br>**<u>COMMUNICATION ADDRESS</u>**<br>SIBIN BHAVAN<br>POONKAVANAM<br>CHULLIMANOOR P O<br>695541<br>**(MUSLIM)** | Government Polytechnic College, Perumbavoor<br>Erankulam | Tradesman (smithy forging and Heat Treating)<br>BC Turn |
| 13 | **SARUN P**<br>POOTHAKUZHIYIL<br>CHENOTH NITC<br>KOZHIKODE-673601<br>**<u>COMMUNICATION ADDRESS</u>**<br>POOTHAKUZHIYIL/292<br>KATTANGAL/CALICUT<br>REC/673601<br>CALICUT<br>**(SC-VELAN)** | Government Engineering College, Kozhikode | Tradesman (smithy forging and Heat Treating)<br>BC Turn |

**2. ഉത്തരവ് കൈപ്പറ്റി പതിനഞ്ച് ദിവസത്തിനകം** ഉദ്യോഗാർത്ഥികൾ തങ്ങളുടെ വിദ്യാഭ്യാസ യോഗ്യത, ജനനതീയതി, ജാതി / സമുദായം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ

സഹിതം മേൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപന മേധാവി മുൻപാകെ കർത്തവ്യനിർവ്വഹണത്തിന് ഹാജരാകേണ്ടതാണ്. കൂടാതെ, കേരള സർവ്വീസ്ചട്ട ഭാഗം 1 ചട്ടം 13-ൽ നിഷ്കർഷിക്കുന്ന രീതിയിൽ അസിസ്റ്റൻറ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥി തങ്ങളുടെ ഫോട്ടോയും വിരലടയാളവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി, ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ രണ്ട് സ്വഭാവസർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ബന്ധപ്പെട്ട സ്ഥാപനമേധാവിക്ക് മുമ്പാകെ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ ഈ നിയമന ഉത്തരവ് റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

3. ഒഴിവില്ലാത്ത കാരണത്താൽ ഉദ്യോഗാർത്ഥിയെ സേവനത്തിൽ നിന്നും പിരിച്ചുവിടുന്ന പക്ഷം നിയമന ശിപാർശ ചെയ്ത കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസിൽ ടിയാന് പുനർ നിയമനത്തിനായി പേര് റി-രജിസ്റ്റർ ചെയ്യാവുന്നതും അല്ലാത്തപക്ഷം ഈ വകുപ്പിൽ ഒഴിവ് വരുന്നത് വരെ പുനർ നിയമനത്തിനായി ഏത് തസ്തികയിൽ നിന്നുമാണോ വിട്ടയക്കപ്പെട്ടത് ആ തസ്തികയിൽ നിരീക്ഷണാർത്ഥിയായി തുടരാവുന്നതുമാണ്.

4. സേവനത്തിൽ പ്രവേശിച്ച് അഞ്ച് വർഷത്തിന് ശേഷം ലഭിക്കുന്ന ജനനതീയതി തിരുത്തുവാനുള്ള അപേക്ഷ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

5. സ്ഥാപനമേധാവി, ഉദ്യോഗാർത്ഥിയുടെ വിദ്യാഭ്യാസയോഗ്യത, ജനനതീയതിജാതി/സമുദായം, ഫോട്ടോ, ഒപ്പ് എന്നിവ ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷൻറെ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിൻറെ പകർപ്പുമായി പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ച വിവരം സ്ഥാപന മേധാവി യഥാസമയം ഈ കാര്യാലയത്തെ അറിയിക്കേണ്ടതുമാണ്.

6. ബന്ധപ്പെട്ട സ്ഥാപനമേധാവി ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി ഉദ്യോഗാർത്ഥിയിൽ നിന്നും പരാമർശം (5)-ലെ സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന തരത്തിലുള്ള സ്വാഭാവവും പൂർവ്വ ചരിത്രവും പരിശോധിക്കുന്നതിന് **(പോലീസ് വെരിഫിക്കേഷൻ - പരിഷ്കരിച്ച സാക്ഷ്യപത്ര ഫോറം-ഫോൺനമ്പർ ഉൾപ്പെടെ)** ആവശ്യമായ സാക്ഷ്യപത്ര ഫോറം പൂരിപ്പിച്ച് വാങ്ങേണ്ടതും ആയത് ഈ കാര്യാലയത്തിലേക്ക് അയച്ചുതരേണ്ടതുമാണ്.

7. ഉദ്യോഗാർത്ഥി ഹാജരാക്കുന്ന അസ്സൽ നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് (ബാധകമാകുന്ന നിയമനങ്ങളിൽ മാത്രം) ബന്ധപ്പെട്ട സ്ഥാപനമേധാവി പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

8. ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിച്ച് പരമാവധി ഒരാഴ്ച്ചയ്ക്കകം ടിയാൻറെ സേവനപുസ്തകം തുറക്കേണ്ടതും, ഉദ്യോഗാർത്ഥിയുടെ സേവന പരിശോധനക്കായി **പേഴ്സണൽമെമ്മോറാണ്ടാം, സർവീസ് ഡീറ്റെയിൽസ് എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രോഫോർമ, നിയമന ശിപാർശ കത്തിൻറെയും നിയമന ഉത്തരവിൻറെയും പകർപ്പുകൾ, ഇ-സർവ്വീസ് ബുക്കിലെ പ്രസക്ത ഭാഗങ്ങള് (1, 2, 7, 28 എന്നീ പേജുകള് സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയത്)** എന്നിവ സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തി ഈ കാര്യാലയത്തിലേക്ക് അയച്ചുതരേണ്ടതാണ്.

**9.** പരാമർശം **(9) & (10)** എന്നീ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി **01.04.2013**-ന് ശേഷം നിയമിതരാകുന്ന ഉദ്യോഗാർത്ഥികളുടെ നിയമനം ദേശീയ പെൻഷൻപദ്ധതിയിലുൾപ്പെടുത്തിയായിരിക്കും.

**10.** പരാമർശം **(11)** സർക്കാർ ഉത്തരവ് പ്രകാരം, സ്ഥാപനമേധാവി ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ടിയാൻറെ പേരിലുള്ള സ്ഥാവര-ജംഗമവസ്തുക്കളെക്കുറിച്ചുള്ള വിവരം നിശ്ചിത പ്രോഫോർമയിൽ രേഖപ്പെടുത്തി വാങ്ങേണ്ടതും, ആയത് സേവനപുസ്തകത്തിൽ ഉൾപ്പെടുത്തിസാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

**11.** പരാമർശം **(14)** കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ കത്ത്പ്രകാരം നിയമന ശിപാർശ ,നിയമനം എന്നിവ **OA No.841/2025**-ൻറെ അന്തിമവിധിക്ക് വിധേയമായിരിക്കും.

**12. 2026** പൊതുസ്ഥലമാറ്റത്തിന് അപേക്ഷ ക്ഷണിച്ചിട്ടുള്ളതിനാൽ മേൽ സ്ഥാപനങ്ങളിലേക്ക് അർഹരായ അപേക്ഷകർ ഉണ്ടെങ്കിൽ ഈ ഉത്തരവ് പ്രകാരം നിയമനം ലഭിക്കുന്ന ഉദ്യോഗാർഥികളെ അറിയിപ്പോന്നും കൂടാതെ സ്ഥലം മാറ്റി നിയമിക്കുന്നതായിരിക്കും.

**Dr JAYAPRAKASH P**

**DIRECTOR**

സ്വീകർത്താവ്,

1. ബന്ധപ്പെട്ട സ്ഥാപന മേധാവിയ്ക്ക് (**OTV** സർട്ടിഫിക്കറ്റ് സഹിതം).
2. ബന്ധപ്പെട്ട ഉദ്യോഗാർഥിക്ക്
3. ഡി.ടി.ഇ. ഐ.റ്റി. ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)
4. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Digitally signed by
Jayaprakash P
Date: 18-08-2026
14:18:36